# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**686001**

കോട്ടയം-686001

ഇ-മെയി® : doktm.ksad@kerala.gov.in

ഫോ® : 0481-2564886

(രജിസ്റ്റ® ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പ® : കെഎസ്എകെറ്റിഎം പി15-1583/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 08/10/2024
ഇ-മെയി® :
doktm.ksad@kerala.gov.in
ഫോ® : 0481-2564886

സീനിയ® ഡെപ്യൂട്ടി ഡയറക്ട®

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്

സ® ,

**വിഷയം : പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ® ഷത്തെ ഓഡിറ്റ് റിപ്പോ® ട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥക® പ്രകാരം പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ® ഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോ® ട്ട് 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടം 23(1)® നി® ദ്ദേശിക്കുന്ന പ്രകാരമുള്ള തുട® നടപടിക® ക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോ® ട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോ® ട്ട് കൈപ്പറ്റിയാലുട® ഇതി® പരാമ® ശിക്കുന്ന ക്രമക്കേടുക® ക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പക® പ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോ® ട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോ® ട്ട് വിശദമായി ച® ച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോ® ട്ടിന്റെയും അതിന്മേ® എടുത്ത തീരുമാനത്തിന്റെയും പക® പ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോ® ട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതി® ഉ® പ്പെടുന്ന ഓഡിറ്റ് പരാമ® ശങ്ങ® /തടസ്സങ്ങ® ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോ® ട്ട് പ്രസ്തുത കാലയളവിനുള്ളി® ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം സെക്ഷ® 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത്

രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയര്‍ ഡെപ്യൂട്ടി ഡയറക്ടര്‍

പകര്‍പ്പ്:

.

നമ്പ൪ : കെഎസ്എകെറ്റിഎം പി15-1583/2024

തീയ്യതി: 08/10/2024

## കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ൪ഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോ൪ട്ട്.

(1994 ലെ കേരള ലോക്ക൪ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്ക൪ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ൪ഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുത൪ 31-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളി൪ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റി൪ കണ്ടെത്തിയ അപാകതക൪ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയി൪ പ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുക൪ ന൪കിയതി൪ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോ൪ട്ടി൪ ഉ൪പ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളി൪ മേലുള്ള തുട൪ നടപടിക൪ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തി൪ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോ൪ട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമ൪ശങ്ങ൪ 12-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തി൪ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങ൪ മാത്രമാണ് ഓഡിറ്റ് റിപ്പോ൪ട്ടി൪ ഉ൪പ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം ന൪കിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തി൪ തയ്യാറാക്കി ഈ റിപ്പോ൪ട്ടി൪ ഉ൪പ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തി൪ മറ്റൊരു ഓഡിറ്റ് ഏജ൪സി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ൪ :**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ സാബു സി. ജോർജ്ജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 06-09-2024 | 12-09-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-09-2024 | 12-09-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :**

ശ്രീമതി.മായ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.സുധ ജേക്കബ്,ഓഡിറ്റ് ഓഫീസർ
ശ്രീമതി.സാറാമ്മ ജോൺ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സിനിമോൾ ഏബ്രഹാം,ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഡോസി സഖറിയാസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2023 | 16-04-2023 |
| ശ്രീ.സജീവൻ കെ.റ്റി | സെക്രട്ടറി | 17-04-2023 | 09-07-2023 |
| ശ്രീ.സുഭാഷ് കെ.സി | സെക്രട്ടറി | 10-07-2023 | 10-08-2023 |
| ശ്രീ. ദിൽഷാദ് .ഇ | സെക്രട്ടറി | 11-08-2023 | 21-11-2023 |
| ശ്രീ. രമേഷ് .ജി | സെക്രട്ടറി | 22-11-2023 | 14-02-2024 |
| ശ്രീ. സന്തോഷ് ആന്റണി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-02-2024 | 31-03-2024 |
| ശ്രീമതി. മറിയാമ്മ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| എബ്രഹാം | | | |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീ (വ |
|---|---|---|---|
| ശ്രീ.ജിനു .വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 03-20 |
| ശ്രീമതി . കവിത എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 04-04-2023 | 31-20 |
| ശ്രീമതി .അനുജ പി.ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-09-2023 | 31-20 |
| ഡോ. മനോജ് കെ. എ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി-പാമ്പാടി | 01-04-2023 | 31-20 |
| ശ്രീമതി.അനിത എസ് | പട്ടികജാതി വികസന ഓഫീസർ | 01-04-2023 | 31-20 |
| ശ്രീ. സോണി ചെറിയാൻ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 12-20 |
| ശ്രീ. ആനന്ദ് കുമാർ എം. വി | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 13-02-2024 | 31-20 |
| ശ്രീമതി .കവിത പി. ആർ. | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 01-04-2023 | 31-20 |
| ശ്രീ. കണ്ണൻ എസ്. | ക്ഷീരവികസന ഓഫീസർ | 01-04-2023 | 31-20 |
| ശ്രീമതി .ലെൻസി തോമസ് | അസിസ്റ്റന്റ് ഡയറക്ടർ(കൃഷി | 01-04-2023 | 31-20 |
| ശ്രീ നിബു കുര്യൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(അഡീഷണൽ ചാർജ്ജ്) | 01-04-2023 | 04-20 |
| ശ്രീമതി ബിന്ദു വേലായുധൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 05-04-2023 | 10-20 |
| ശ്രീമതി സബിത എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(അഡീഷണൽ | 13-11-2023 | 23-20 |

| | | | |
|---|---|---|---|
| വാലുങ്കൽ | ചാർജ്) | | |
| ശ്രീ അരുൺ എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 24-11-2023 | 31- 20 |

.

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കണക്കുകൾ വ്യക്തമല്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-2 |
| 4 | Capital Work In Progress രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത വ്യക്തമല്ല. | 1-1-3 |
| 5 | ഗ്രാന്റ് / മറ്റ് വരവിനം വ്യക്തമല്ല | 1-1-4 |
| 6 | വാടകക്കുടിശ്ശികയിനത്തിലെ കണക്കുകളിൽ പൊരുത്തക്കേട് | 1-1-5 |
| 7 | എ.സി.ആറിന്റെ അഭാവത്തിൽ ചെലവഴിക്കാനുള്ള ഗ്രാന്റുകളുടെ വർഷാവസാന തുകയുടെ കണക്കാക്കലിന്റെ കൃത്യത വ്യക്തമല്ല. | 1-1-6 |
| 8 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമല്ല. | 1-1-7 |
| 9 | Government/Other Dues രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.ബാധ്യതാ തുകയുടെ കൃത്യത വ്യക്തമല്ല. | 1-1-8 |
| 10 | അഡ്വാൻസ് രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല.സിവിൽ അഡ്വാൻസ് തുകയുടെ ക്രമീകരണം ആധികാരികമായി നിരീക്ഷിക്കുന്നില്ല. | 1-1-9 |
| 11 | Prior Period ഇനങ്ങളുടെ വിശദാംശം ലഭ്യമല്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | വാർഷികപദ്ധതി അവലോകനം | 1-5 |
| 16 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | സാമൂഹ്യസുരക്ഷാ പദ്ധതികൾ | 1-7 |

| | | |
|---|---|---|
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | വാടക -കുടിശ്ശിക ഈടാക്കുന്നതിനുള്ള ഭരണതല നടപടികൾ അപര്യാപ്തം. | 1-11 |
| 22 | വെട്ടിയിട്ട തേക്ക് തടികൾ -ലേലം ചെയ്യാൻ നടപടി സ്വീകരിച്ചില്ല | 1-12 |
| 23 | എസ് സി പി /ടി എസ് പി ഫണ്ട് വിനിയോഗ ലക്ഷ്യം കൈവരിച്ചില്ല- പൊതുവിഭാഗം വികസന ഫണ്ടിൽ നിന്ന് പരിഹാര വകയിരുത്തൽ നടത്തേണ്ടി വന്നു | 1-13 |
| 24 | തുക കൈമാറൽ- പ്രോജക്ട് പൂർത്തീകരണ വിശദാംശങ്ങളില്ല. | 1-14 |
| 25 | നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല- | 1-15 |
| 26 | ആസ്തി സംരക്ഷണത്തിൽ വീഴ്ച | 1-16-1 |
| 27 | പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് ക്യാന്റീൻ അനുബന്ധസൗകര്യങ്ങൾ ഒരുക്കൽ -മുൻവർഷങ്ങളിൽ ഉൾപ്പടെ വൻതുകകൾ ചെലവഴിച്ചുവെങ്കിലും പ്രവർത്തനം ആരംഭിച്ചില്ല. | 1-16-2 |
| 28 | ഉടമസ്ഥാവകാശം സ്ഥിരീകരിക്കാതെ കെട്ടിട നിർമ്മാണം തുടർ നടപടികൾ അനിവാര്യം | 1-17 |
| 29 | പൈക സിഎച്ച്സി -അടിസ്ഥാനസൗകര്യവികസനം -ചെയ്യാത്ത പ്രവൃത്തിയുടെ തുക നൽകി | 1-18 |
| 30 | പൈക സി എച്ച് സി യിലേക്ക് ഐടി ഉപകരണങ്ങൾ വാങ്ങൽ- രേഖകൾ പൂർണ്ണമല്ല | 1-19 |
| 31 | പി എം എ വൈ ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു. | 1-20 |
| 32 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കാൻ അവശേഷിക്കുന്നു | 1-21 |
| 33 | കാലഹരണപ്പെട്ട സെക്യൂരിറ്റി നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ | 1-22 |

| | | |
|---|---|---|
| | നടപടി സ്വീകരിച്ചിട്ടില്ല. | |
| 34 | മാലിന്യ സംസ്ക്കരണസംവിധാനം നിർജ്ജീവം | 1-23 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

## 1-1-1 ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കണക്കുകൾ വ്യക്തമല്ല

31/03/2024 തീയതിയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പി കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖ വിശദീകരണവും ലഭ്യമാക്കിയില്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എ അക്കൗണ്ടിങ്ങ് ആരംഭിച്ചപ്പോൾ താൽക്കാലികമായി(Provisional) കണക്കാക്കിയ ആ മൂല്യവും ബാധ്യത തുകയും തമ്മിലുള്ള വ്യത്യാസമാണ് ടി തീയതിയിലെ ജനറൽ ഫണ്ട കണക്കാക്കിയത്. നിലവിലും ആസ്തി ബാധ്യതാ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തീകരിച്ചി ആയതിനാൽ 31-03-2024 പ്രകാരമുള്ള ബാലൻസ് ഷീറ്റ് പ്രതിഫലിപ്പിക്കുന്ന ജനറൽ ഫ പൊസിഷനും അന്തിമമല്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

പാമ്പാടി ബ്ളോക്ക് പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവ 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനക പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയി ഫോറങ്ങളും ഭരണസമിതിയുടെ 31.05.2024-ലെ 3(1) നം. തീരുമാനം പ്രക അംഗീകരിച്ച് 21-06-2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷ ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്ത നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേ പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡ നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡ വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടു തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാ ഫിനാ® ഷ്യ® ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്ര പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാ® ഡേ® ഡുക പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാ® ഷ്യ® ഓഡിറ്റിന് വേണ്ടി മാ® ഗ്ഗനി® ദ്ദേശങ്ങ® എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളി ഞാ® ഫിനാ® ഷ്യ® ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രിക വസ്തുതാപരമായ തെറ്റുകളി® നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്ന ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങ മാ® ഗ്ഗനി® ദ്ദേശങ്ങ® ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടു തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റി® ഉൾപ്പെടുന്നു. കൂട

പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്ക സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിി അവതരണം വിലയിരുത്തുന്നതും ഓഡിറ്റി® ഉ® പ്പെടുന്നു. എന്റെ അഭിപ്രായത്ത ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് ന® കുമെന്ന് ഞാ® വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെ അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാ® ഷ്യ® ഓഡിറ്റിന്റെ ഫലമായി എന ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോ® ട്ടിലെ എ നിരീക്ഷണങ്ങ® ക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**</u>

**അനുബന്ധ റിപ്പോ® ട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങ® ക്ക് വിധേയമ പാമ്പാടി ബ്ളോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാ® ഷ ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്ത ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവു ചിത്രം നൽകുന്നു.**

## <u>1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.</u>

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമ പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമ സൂക്ഷിച്ചിട്ടില്ല.

## <u>1-1-3 Capital Work In Progress രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത വ്യക്തമല്ല.</u>

Capital Work In Progress രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല .അതിനാൽ പാർട്ട് ബില്ലുക ക്രമീകരണം കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നുണ്ടോയെന്ന് പരിശോ ഉറപ്പാക്കാൻ കഴിയുന്നില്ല.

## <u>1-1-4 ഗ്രാന്റ് / മറ്റ് വരവിനം വ്യക്തമല്ല</u>

റസീപ്റ്റ് & പേമെന്റ് പത്രികയിൽ RP 31 ഷെഡ്യൂളിൽ 320200301 എന്ന അക്ക കോഡിൽ ഉൾപ്പെടുത്തി കാണിച്ചിട്ടുള്ള 3454/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

## <u>1-1-5 വാടകക്കുടിശ്ശികയിനത്തിലെ കണക്കുകളിൽ പൊരുത്തക്കേട്</u>

വാടകയിനത്തിലെ തൻവർഷത്തെ ഡിസിബി (Current) കണക്ക വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും മുൻവർഷങ്ങളിലെ കുടി ഡിസിബി (Arrear) കണക്കുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വ നിക്ഷേപം ഇനത്തിലെ മുന്നിരിപ്പ് വരവ് വർഷാവസാന നീക്കിയിരിപ്പ് തുക വാർഷികകണക്കുകൾ പ്രതിഫലിപ്പിക്കുന്ന ഈ ഇനത്തിലെ നിക്ഷേപകണക്കുകളുമ പൊരുത്തപ്പെടുന്നില്ല

## 1-1-6 എ.സി.ആറിന്റെ അഭാവത്തിൽ ചെലവഴിക്കാനുള്ള ഗ്രാന്റുകളുടെ വർഷാവസ തുകയുടെ കണക്കാക്കലിന്റെ കൃത്യത വ്യക്തമല്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ.(Appropriation Control Regis സൂക്ഷിച്ചിട്ടില്ല. ആയതിനാൽ B4 ഷെഡ്യൂളിലെ വർഷാവസാന തുകകളുടെ(ബാധ്യത) കൃ പരിശോധിക്കാൻ സാധിക്കുന്നില്ല. മുൻ വർഷ അക്കൌണ്ടിൽ B4 ഷെഡ്യൂ നിലനിന്നിരുന്ന 222315/- (ശീർഷകം 320700203), 7710/- (ശീർഷകം 3208001 എന്നീ തുകകൾ തൻവർഷം എപ്രകാരം ക്രമീകരിച്ചുവെന്നത് വ്യക്തമല്ല.

## 1-1-7 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമല്ല.

ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഡെപ്പോസിറ്റ് രജിസ്റ്റർ ആധികാരിക ആയതിനാൽ B7ഷെഡ്യൂൾ പ്രതിഫലിപ്പിക്കുന്ന വർഷാവസാന തുകയുടെ വിവരം കൃ വ്യക്തമല്ല. ഓരോയിനം ഡെപ്പോസിറ്റിന്റെയും മുന്നിരിപ്പ്, വരവ്, റീഫണ്ട് വിശദാംശ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിൽ നിലനിന്നിരുന്ന Bidders EM Contractors Security Deposit എന്നീയിനങ്ങളിലെ തുകകൾ തൻവർ ക്രമീകരിച്ചതെങ്ങനെയെന്നത് വ്യക്തമല്ല. വാർഷികകണക്കുകൾ പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ വിശദാംശം വ്യക്തമല്ല.

## 1-1-8 Government/Other Dues രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.ബാധ്യതാ തുകയുടെ കൃത വ്യക്തമല്ല.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവടങ്ങളിലേയ്ക്ക് ഒടുക്കാന തുകയുടെ വിനിമയം രേഖപ്പെടുത്തേണ്ട രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. B9 ഷെഡ്യൂ ദീർഘകാലമായി നിലനിന്നിരുന്ന 5000/-രൂ (ശീർഷകം 350300106), 14520 (ശീർഷകം 350410101), 217962/-രൂ (ശീർഷകം 350800299), 1152973/-രൂ ( ശീർഷ 350300109), എന്നിവ വർഷാവസാന ബാധ്യതയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുക തൻവർഷം അടവാക്കിയതിന്റെയും ക്രമീകരിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമല്ല.

## 1-1-9 അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.സിവിൽ അഡ്വാൻസ് തുകയുടെ ക്രമീകരണം ആധികാരികമായി നിരീക്ഷിക്കുന്നില്ല.

വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകകൾ സംബന്ധിച്ച് ഡെപ്പോ രജിസ്റ്റർ എന്ന പേരിൽ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ബാലൻസ് ഷീറ്റിലെ ബ ഷെഡ്യൂൾ പ്രതിഫലിപ്പിക്കുന്ന തുകകളുടെ വിവരം രജിസ്റ്ററിൽ നിന്ന് ലഭ്യമാവുന്നില്ല.ഓ വർഷത്തേയും വിശദാംശങ്ങൾ ക്രോഡീകരിച്ച് രജിസ്റ്റർ ആധികാരീകമാക്കാത്തപ ശരിയായ വിനിയോഗവിവരം ലഭ്യമാകാതെ തന്നെ സിവിൽ അഡ്വാൻസ് തുകക അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തപ്പെടുന്നതിനുള്ള റിസ്ക് നിലനിൽക്കുന്നു. നില വിവിധ ഏജ® സികളിലേയ്ക്ക് തുക ഡെപ്പോസിറ്റ് ചെയ്യുമ്പോ® രേഖപ്പെടുത്ത® നടത്തു രജിസ്റ്ററിന്റെ പേര് ഡെപ്പോസിറ്റ് രജിസ്റ്റർ എന്ന് ചേ® ത്തിട്ടുള്ളത് സിവിൽ അഡ്വാ രജിസ്റ്റർ എന്നാക്കേണ്ടതും ഓരോ ഏജൻസികളിലും നടത്തിയ നിക്ഷേപത്തിന്റെ വിവ വിനിയോഗ/മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലുള്ള ക്രമീകരണം എന ആധികാരികമായി രേഖപ്പെടുത്തി ഇത് സംബന്ധമായ റിസ്ക് പരിമിതപ്പെടുത്തേണ്ടതുമാണ

## 1-1-10 Prior Period ഇനങ്ങളുടെ വിശദാംശം ലഭ്യമല്ല

Prior Period ആയി (ഷെഡ്യൾ I-18) ക്രമീകരിച്ച 3129044/-രൂപയുടെ ആധികാരി നോട്ട്സ് ഓൺ അക്കൗണ്ടിലൂടെ സെക്രട്ടറി വിശദമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 22.03.2023 ലെ 2(1)-ാം നമ്പർ തീരു പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 09.02.2024 തീയതിയിലെ 2(1)-ാം ന തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 3658104 | 9184514 |
| വരവ് | 265497500 | 274125243 |
| ആകെ | 269155604 | 283309757 |
| ചെലവ് | 267498500 | 282371639 |
| നീക്കിയിരിപ്പ് | 1657104 | 938118 |

ഒറിജിനൽ ബജറ്റ് പ്രകാരമുള്ള മതിപ്പ് വരവ്/ചെലവ് തുകകളും 2024-25 വർഷ ബജറ്റ് അവതരണത്തോടൊപ്പം നിയമാനുസൃതം തയ്യാറാക്കിയ 23-24 ലെ പുതുക്കിയ ബ പ്രകാരമുള്ള മതിപ്പ് തുകകളും തമ്മിൽ കാര്യമായ വ്യതിചലനം ഇല്ലെങ്കിലും യഥാ കണക്കുകളുമായി താരതമ്യത്തിന് അതീതമായ വ്യത്യാസം നിലനിൽക്കുന്നു. കേന്ദ്രാവി പദ്ധതികൾ, എം പി/എം എൽ എ പ്രാദേശിക വികസന പദ്ധതി ഇനങ്ങളിൽ വലിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് ഇനങ്ങളിൽ ഉൾപ്പെടുത്തുന്നുണ്ടെ യഥാർത്ഥത്തിൽ ഇവയുടെ സാമ്പത്തിക വിനിമയം ബ്ലോക്ക് പഞ്ചായത്ത് അക്കൗ മുഖേനയല്ലാത്തതിനാൽ വരവ് ചെലവ് കണക്കുകളിൽ പ്രതിഫലിക്കുന്നില്ല.നില തയ്യാറാക്കുന്ന ബജറ്റ് ഡോക്യുമെന്റ് ധനവിനിയോഗ നിയന്ത്രണത്തിനുള്ള ഒരു പ്രാമാണ രേഖ എന്ന നിലയിൽ ഉപയുക്തമാവുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തെ റസീപ്റ്റ് & പേമെന്റ്, ഇൻക എക്സ്പെൻഡിച്ചർ പത്രിക, എന്നിവയിലെ കണക്കുകളുടെ വിശദാംശം ഓഡിറ്റ് ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് പത്രിക 2023-24**

| | |
|---|---|
| മുന്നിരിപ്പ് (01/04/2023) | 7595328.00 |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 63536896.00 |
| ആകെ | 71132224.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 58772454.00 |
| നീക്കിയിരിപ്പ് (31/03/2024) | 12359770.00 |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2023-24**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം (Income) | 50632455.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് (Expenditure) | 52851143.00 |
| പ്രവർത്തന നഷ്ടം (Gross Deficit) | 5347732.00 |
| അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 3129044.00 |
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | 5347732.00 |

**ഓഡിറ്റ് പ്രത്യവലോകനം 2023-24**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 33,93,229/- |

## 1-4 ഗ്രാന്റ് വിനിയോഗം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തെ വികസന ഫ മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചു ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെ |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 2,79,98,833/- | 2,79,98,833/- | 2,19,94,486/- | 60,04,347/- | 78 |
| വികസന ഫണ്ട്- SCP | 0 | 8,168,000/- | 8,168,000/- | 45,58,000/- | 36,10,000/- | 55 |
| വികസന ഫണ്ട്- TSP | 0 | 3,59,167/- | 3,59,167/- | 229,400/- | 1,29,767/- | 63 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 22,44,942/- | 46,39,000/+ 2,20,019 | 71,03,961/- | 13,58,027/- | 57,45,934/- | 19 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 45,22,792/- +22393 (Retension) | 34,79,000/- | 80,24,185/- | 35,53,900/- | 44,70,285/- | 44 |
| മെയിന്റനൻസ് ഗ്രാന്റ്-Non | 0 | 1,00,49,400/- | 1,00,49,400/- | 69,43,927/- | 31,05,473/- | 69 |

| | | | | | | |
|---|---|---|---|---|---|---|
| Road | | | | | | |
| ഹെൽത്ത് ഗ്രാന്റ് | 0 | 27,87,298/- | 27,87,298/- | 10,56,695/- | 17,30,603/- | 37 |

വിവിധ കേന്ദ്ര/സംസ്ഥാന സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്ന
അക്കൗണ്ട് ചെയ്തതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. സ.ഉ(സാധാ) 2858/2024 ധന തീയതി 22-3-24 പ്രകാരം എസ് സി പി/ ടി എസ് വിഭാഗങ്ങളിൽ 2022-23 സാമ്പത്തിക വർഷം അനുവദിച്ചതും എന്ന ചെലവഴിക്കാത്തതുമായ 20% തുകളിലുള്ള ഷോർട് ഫാൾ തുകയായ 15167/- ( പൊതുവിഭാഗം (സാധാരണവിഹിതം) ഫണ്ടിൽ നിന്നും ടിഎസ് പി ഫണ്ടില പുന:ക്രമീകരണം ചെയ്തിരുന്നു.
2. ധനകാര്യകമ്മീഷൻ ഗ്രാന്റ് അക്കൗണ്ടിൽ നിന്നും സെക്രട്ടറിയുടെ അക്കൗണ്ടില ട്രാൻസ്ഫർ ചെയ്യേണ്ടിയിരുന്ന റിടെൻഷൻ തുകകൾ ട്രാൻസ്ഫർ ചെയ്യ നിലനിന്നിരുന്നതിനാൽ മുന്നിരിപ്പിൽ 22393രൂപയുടെ വ്യത്യാസം കാണുന്നു.
3. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിലെ പലിശ 2,20,019/- രൂപ അൺലൈ ഫണ്ടായി അക്കൗണ്ട് ചെയ്തെങ്കിലും ആയത് അലോട്ട്മെന്റായി എ.സി.ആ ചേർത്തിട്ടില്ല.

2022-23 സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് കണക്കുകളിലും ചെ കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും ലഭ്യ കണക്കുകളെ സാധൂകരിക്കുന്ന രേഖകളുടെ അഭാവവും നിലനിൽക്കുന്ന വിധേയമായിട്ടാണ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനി സാക്ഷ്യപത്രം നൽകുന്നത്.

## 1-5 വാർഷികപദ്ധതി അവലോകനം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ( 2022- രണ്ടാം വാർഷിക പദ്ധതിയ്ക്ക് (2023-24) ജില്ലാ ആസൂത്രണ സമിതിയുടെ 03.02.2024 83898/23/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടു ആകെ 174 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ അ അടങ്കൽ 10,62,46,041/- രൂപയാണ്. പദ്ധതി രൂപീകരണത്തിന് മുന്നോടിയ ആസൂത്രണസമിതിയുടെ യോഗം 15-12-2022 നും വർക്കിംഗ് ഗ്രൂപ്പിന്റെ യോഗം 7-1-2 ലും വികസന സെമിനാർ 21-2-23 ലും ചേർന്നിട്ടുണ്ട്. 2023-24 വർഷം വിവിധ നിർവ്വഹ ഉദ്യോഗസ്ഥർ മുഖേന ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണഉദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർ | 8 | 6 | 3885000 | 2829181 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 69 | 35 | 39195998 | 18596274 |
| | | | | |

| | | | | |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ടി.എച്ച്.ക്യൂ.എച്ച്) | 9 | 7 | 8387000 | 7063697 |
| പട്ടിക ജാതി വികസന ഓഫീസർ | 5 | 5 | 3060000 | 2770000 |
| അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | 6 | 6 | 2656500 | 1900750 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 6 | 5 | 10856590 | 5212531 |
| ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 1 | 0 | 1600000 | 0 |
| അസി.എക്സി.എഞ്ചിനീയർ | 3 | 1 | 6140000 | 99989 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 67 | 26 | 30464953 | 7238143 |
| **ആകെ** | **174** | **91** | **106246041** | **45710565** |

വിവിധ സർക്കാർ ഗ്രാന്റുകളുടെ വിനിയോഗത്തിൽ വേണ്ടത്ര പുരോ ഉണ്ടായിരുന്നില്ലായെന്ന് കാണുന്നു. പൊതുവിഭാഗം വികസനഫണ്ട് 79% മാത്രവും എ സിപി ഫണ്ട് 56% വും ടി എസ് പി ഫണ്ട് 64%വും മാത്രമേ തൻവർഷം ചെലവഴിക്ക സാധിച്ചിരുന്നുള്ളൂ. എസ് സി പി, ടിഎസ് പി ഫണ്ടുകളിലെ ത® വ® ഷ വിനിയോഗക്കുറവ് 2024-25 വർഷം പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും അ 20,34,334/- കുറവ് ചെയ്ത് പരിഹാര വകയിരുത്തൽ വരുത്തുന്ന സാഹചര്യമാണുള്ള റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗവും താരതമ്യേന കുറഞ്ഞ 6 മാത്രമായിരുന്നു.ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ അതത് മേഖലകളിലെ വി നിർവ്വഹണോദ്യോഗസ്ഥരും പ്രൊജക്റ്റ് നടപ്പാക്കുന്നതിൽ വേണ്ടത്ര ജാ പുലർത്തിയിരുന്നില്ലായെന്ന് കാണുന്നു. അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയ തയ്യാറാക്കിയ 67 പ്രൊജക്റ്റുകളിൽ 26എണ്ണം മാത്രമാണ് തൻവർഷം നടപ്പാക്കി ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക 16ലക്ഷം രൂപ അടങ്കൽ വരുന്ന ഏക പ്രൊജക്റ്റ് പോലും നടപ്പാക്കാൻ സാധിച്ചിരു ആയതിനാൽ വ്യവസായ മേഖലയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹ കാര്യക്ഷമമായില്ല.അസി.എക്സി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പാ താലൂക്ക് ആശുപത്രിയിലെ മലിനജലസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 60,15,0 രൂപ അടങ്കലായി തയ്യാറാക്കിയ പ്രൊജക്റ്റ് ക്ഷമതയുള്ള അധികാരികളിൽ നി ആവശ്യമായ അനുമതി ലഭ്യമാക്കാൻ സ്ഥാപനത്തിന് സാധിക്കാത്തതിനാൽ തൻവ നടപ്പാക്കിയിരുന്നില്ല. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗത്തിൽ വന്ന കുറവ് വർഷങ്ങളിലെങ്കിലും പരിഹരിക്കപ്പെടുന്നതിലേക്ക് നടപടികളുണ്ടാവേണ്ടതുണ്ട്. മാത്ര വാ® ഷിക പദ്ധതിയിലൂടെ ബ്ലോക്ക് പഞ്ചായത്തി® നിയമപരമായി നിക്ഷിപ്തമായ പെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലക® ഫലപ്രദമായി നി® വ്വഹിക്കുന്നുണെ ഉറപ്പാക്കേണ്ടതുമാണ്. (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 172(1)-ാം വ പ്രകാരമുള്ള നാലാം പട്ടിക കാണുക)

**സഞ്ചിതനിധിയിലേയ്ക്ക് 1.28 കോടിയിലധികം രൂപ തിരികെ എടുക്കപ്പെട്ടു**

പദ്ധതി നിർവ്വഹണത്തിലെ ജാഗ്രതക്കുറവ് മൂലവും വർഷാവസാനത്തെ ട്ര
നിയന്ത്രണങ്ങളാലും സമയബന്ധിതമായി ബില്ലുകൾ മാറാൻ ബ്ലോക്ക് പഞ്ചായത്ത
സാധിക്കാതിരുന്നതിനാൽ ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസ
സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 60,04,347/- |
| വികസന ഫണ്ട്-SCSP | 36,10,000/- |
| വികസന ഫണ്ട്-TSP | 1,29,767/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 31,05,473/- |
| ആകെ ലാപ്സായ തുക | 1,28,49,587/- |

വിവിധ ഫണ്ടുകളുടെ വിനിയോഗത്തിൽ 80% ൽ കുറവ് വന്ന തുക മാത്രമ
ആത്യന്തികമായി നഷ്ടപ്പെടുന്നതെന്ന് സാങ്കേതികമായി പറയാമെങ്കിലും തുടർവർഷത്ത
ക്യാരി ഓവർ വിഹിതം ലഭിക്കുന്നത് വ്യവസ്ഥകൾക്ക് വിധേയമായി മാത്രമാകു
സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട മുഴുവൻ തുകയും നഷ്ടമാകാനുള്ള സാ
നിലനിൽക്കുന്നു.ക്ഷേമ പ്രവർത്തനങ്ങൾക്കും നിയമപരമായ ചുമ
നിർവ്വഹണത്തിനുമായി ലഭിക്കുന്ന ഫണ്ടിന്റെ ഇപ്രകാരമുള്ള ആത്യന്തികമായ ന
ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**മോണിറ്ററിംഗ്**

കാര്യക്ഷമമായ മോണിറ്ററിംഗ് നടത്തുന്നതിനോ റിപ്പോർട്ടുകൾ നല്കുന്നതി
തെരഞ്ഞെടുക്കപ്പെട്ട മോണിറ്ററിംഗ് കമ്മറ്റികൾക്ക്/ വർക്കിങ്ങ് ഗ്രൂപ്പുകൾക്ക് സാധിച്ചത
കാണുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ 1% എങ്കിലും പൊതുമരാമത്ത് മാന
നിഷ്കർഷിക്കുന്ന ഗുണനിലവാര പരിശോധനക്ക് വിധേയമാക്കണമെന്ന പദ്ധതി രൂപീക
മാർഗ്ഗരേഖ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. സോഷ്യൽ ഓഡിറ്റ് നടത്തി പ്രോജക്ടുക
ഫലക്ഷമത വിലയിരുത്തൽ നടന്നതായും കാണുന്നില്ല.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ബ്ലോക്ക് പഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രക
പ്രവൃത്തികളൊന്നും നടപ്പാക്കുന്നില്ല. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ എന്ന നിലയില
സാമ്പത്തിക വിനിമയങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടുന്ന
കാഷ് ബുക്ക് പ്രകാരമുള്ള 2023-24 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷ
ചുവടെ ചേർക്കുന്നു.

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| മുന്നിരിപ്പ് | 58039.50 | സാലറി | 699250.00 |
| ഇ.എഫ്.എം.എസ് വരവ് | 0.00 | കില ട്രെയിനിംഗ്, മറ്റ് ട്രെയിനിംഗ് | 202171.00 |
| | | | |

| | | | |
|---|---|---|---|
| പലിശ | 2603.00 | പ്രിന്റിംഗ് & സ്റ്റേഷനറി | 30225.00 |
| കില ട്രെയിനിംഗ് | 196596.00 | നീക്കിയിരിപ്പ് | 55067.50 |
| ലോൺ | 729475.00 | | |
| **ആകെ** | **986713.50** | **ആകെ** | **986173.50** |

## 1-7 സാമൂഹ്യസുരക്ഷാ പദ്ധതികൾ

2023-24 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ട് മുഖാന്ത സാമൂഹ്യസുരക്ഷാ പദ്ധതികളുടെ ചെലവ് നിർവ്വഹിക്കപ്പെട്ടിട്ടില്ല. വാർഷിക കണക്ക പ്രസ്തുതയിനത്തിൽ തുകകൾ ഉൾപ്പെട്ടിട്ടില്ല.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യ ബാലൻസ് പരിശോധന ,2023-24 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിൽ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ 09/09/2 തീയതിയിൽ 03:15 Pm ന് നടത്തുകയുണ്ടായി. അന്നേ ദിവസം ഫ്രണ്ട് ഓഫീസിൽ ക്യ വരവ് ഇല്ലായിരുന്നു. പരിശോധന സമയത്ത് ക്യാഷ് ബുക്ക് പ്രകാരവും ഭൗതീകമായും ക്യ നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതു ജനറൽ പർപ്പസ് ഫണ്ട് വൗച്ചറുകൾക്കൊപ്പം ചെലവിനാധാരമായ രേഖകളൊ സൂക്ഷിച്ചിട്ടില്ല. ബില്ലുകൾ ബന്ധപ്പെട്ട ഫയലിൽ മാത്രമാണ് സൂക്ഷിച്ചിരിക്കുന വൗച്ചറുകൾക്കൊപ്പം ചെലവിനാധാരമായ പ്രധാന രേഖകളും സൂക്ഷിക്കുന്നുണ്ടെ ഉറപ്പുവരുത്തേണ്ടതാണ്. ബി4 ഷെഡ്യൂളിലെ ബാദ്ധ്യതകളുടെ വിവരം കാണിക എസിആർ, അഡ്വാൻസ് രജിസ്റ്റർ,ഡെപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയ അനുബന്ധരജിസ്റ്ററു എഴുതി സൂക്ഷിക്കുന്നില്ലായെന്ന് കാണുന്നു.

മരാമത്ത് പ്രവൃത്തികളുടെ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചതിന് ശേഷം മ പ്രോജക്ടുകളുടേയും എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്നതായി കാണുന്നു. വർക്ക് സൈ കൃത്യമായി പരിശോധിച്ച് എസ്റ്റിമേററ് തയ്യാറാക്കാത്തതുമൂലമാണ് ഇത് സംഭവിക്കുന കരാർ വച്ച് ആരംഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത കാലതാമസം ഉണ്ടാകുന്നെങ്കിലും നിയമാനുസൃതമായ പിഴ ഈടാക്കി വരുന്ന (കരാറുകാരുടെ ഭാഗത്തു നിന്നുള്ള വീഴ്ച്ച മൂലമല്ല പ്രവൃത്തികളുടെ പൂ® ത്തീകര വൈകിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുടെ ഫയലു വിശകലനം നടത്തി പിഴ ഈടാക്കേണ്ടതായ സംഗതികളി® ആയത് കണക്കാ ഈടാക്കേണ്ടതുണ്ട്) തൻവർഷം സ്പിൽഓവർ പ്രൊജക്റ്റുകൾ മാത്രമാണ് അസി.എഞ്ചിന് നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയത്.

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിൻ കീഴിലുള്ള പാമ്പാടി താലൂക്ക് ആശുപത്രിയിൽ മലിന സംസ്കരണപ്ലാന്റ് സ്ഥാപിക്കുന്നതിന് അസി.എക്സി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ ആയി പ്രൊജക്റ്റ് തയ്യാറാക്കിയിരുന്നെങ്കിലും ആവശ്യമായ അനുമതി

നേടിയെടുക്കുന്നതിലെ കാലതാമസം മൂലം പ്രവർത്തി ആരംഭിക്കുന്നതിന് സാധിച്ചിരുന്ന ആരോഗ്യരംഗത്ത് ബ്ലോക്ക് പഞ്ചായത്തിന് സാദ്ധ്യമാകുന്ന പ്രൊജക്ടുകൾ ഏറ്റെ തയ്യാറാക്കി നടപ്പാക്കേണ്ടത് മികച്ച സേവനം ജനങ്ങൾക്ക് നൽകുന്നതിന് പ്രദ ചെയ്യുന്നതിന് അത്യന്താപേക്ഷിതമാണ്. പാമ്പാടി താലൂക്ക് ആശുപത്രി ദീർഘകാലമ നേരിടുന്ന ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിന് ഫലപ്രദ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. മേൽപറഞ്ഞ വസ്തുതകൾ പരിഹരിക്കുന്ന ഭരണസമിതിയുടെയും നിർവ്വഹണാധികാരികളുടെയും അടിയന്തിരശ്രദ്ധയുണ്ടാവേണ്ടതു കേരള പഞ്ചായത്ത് രാജ് നിയമം നാലാം പട്ടികയി® അനുശാസിച്ചിട്ടുള്ള പെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലക® ഫലപ്രദമായി നി® വ്വഹിക്കുവാ® കഴിയുന്ന വ ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.09.23 – 05.10.23 | 2022-23 | No.5/DPAW/KTM/2024 Date 26.02.24 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.09.23 – 23.09.23 | 2018-19 To 2022-23 | Audit-1/AMG-1/(HQ)111/11/C-3/BP/8A-44/23-24/223 Date 31.10.23 |

## 1-11 വാടക -കുടിശ്ശിക ഈടാക്കുന്നതിനുള്ള ഭരണതല നടപടികൾ അപര്യാപ്തം.

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കുകൾ പ്രകാരം വാടകയിനത്തി തൻവർഷം 190016- രൂപയും മുൻവർഷങ്ങളിലെ കുടിശ്ശികയിനത്തിൽ 2335 രൂപയുമുൾപ്പെടെ ആകെ 423597- രൂപ പിരിച്ചെടുക്കാൻ ശേഷിയ്ക്കുന്നു. ലഭ്യമാക ഡിസിബി പത്രിക പ്രകാരമുള്ള തൻവർഷത്തെ വാടകകുടിശ്ശിക വാർഷികകണക്കുകളുമ പൊരുത്തപ്പെടുന്നുണ്ടെങ്കിലും മുൻവർഷങ്ങളിലെ കുടിശ്ശികതുക ലഭ്യമാക്കിയ ഡിസ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വാടക ഫയലുകൾ പരിശോധിച്ച വാടകക്കാരുമായി കരാർ ചമച്ചിട്ടുണ്ടെങ്കിലും ഇവ കൃത്യമായ വ്യവസ്ഥക® ഉ® പ്പെടു ഉഭയകക്ഷി സാക്ഷ്യപ്പെടുത്തലോടെ നിയമസാധുത ലഭിക്കുന്ന വിധം ആധികാരികമ സൂക്ഷിച്ചിട്ടുള്ള പ്രമാണങ്ങളല്ല. വാടക നിക്ഷേപം വാർഷികവാടകവർദ്ധ ആനുപാതികമായി വർദ്ധിപ്പിച്ചിട്ടില്ല. വാടക കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ചു ചേർക്കുന്നു.

1. <u>വാടക ത® വ® ഷ ഡിമാന്റ് തുക – പൂ® ണ്ണമായി ഈടാക്കിയിട്ടില്ല. ലഭ്യമാക്കിയ ഡി ബി പ്രകാരം 2023-24 വർഷത്തെ വാടക പൂർണ്ണമായി അടവാക്കിയിട്ടില്ലാത്തവ വിശദാംശങ്ങൾ ചുവടെ ചേ® ക്കുന്നു.</u>

| ക്രമ നം | കെട്ടിട നം | വാടകക്കാരൻ/ സ്ഥാപനം | അടവാക്കാനുള്ള തുക |
|---|---|---|---|
| 1 | XIII/7 A, പള്ളിക്കത്തോട് | ബിൻസി തോമസ് | 31500 |
| 2 | XIII/7 B , പള്ളിക്കത്തോട് | സരിത ആർ | 42558 |
| 3 | XIII/7 C, പള്ളിക്കത്തോട് | സരിത ആർ | 42558 |
| 4 | XIII/7 E, പള്ളിക്കത്തോട് | സരിത ആർ | 37590 |
| 5 | XIII/7 D , പള്ളിക്കത്തോട് | സൗമ്യ അജിത്ത് | 28600 |
| 6 | 256 അകലക്കുന്നം | സുമ ബിജു | 7210 |
| | **ആകെ** | | **190016** |

2. <u>വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള ഭരണതല നടപടി അപര്യാപ്തം. ലഭ്യമാക്കിയ സി ബി പ്രകാരം പഴയ വർഷങ്ങളിലെ വാടക പൂർണ്ണമായി അടവാക്കിയിട്ടില്ലാ വാടകക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേ® ക്കുന്നു.</u>

| ക്രമ നം | കെട്ടിട നം | വാടകക്കാരൻ/ സ്ഥാപനം | അടവാക്കാനുള്ള തുക | വർഷം |
|---|---|---|---|---|
| 1 | XIII/7 B പള്ളിക്കത്തോട് | സരിത ആർ | 24992 | 2/22 – 3/23 |
| 2 | XIII/7 C പള്ളിക്കത്തോട് | സരിത ആർ | 26424 | 2/22 – 3/23 |
| 3 | XIII/7 E പള്ളിക്കത്തോട് | സരിത ആർ | 22872 | 2/22 – 3/23 |
| 4 | XIII/513/3 കിടങ്ങൂർ | ദീപ്തി | 122000 | 7/16 - 12/18 |
| | **ആകെ** | | **196288** | |

വാടകയ്ക്ക് നൽകിയിട്ടുള്ള 10 കെട്ടിടങ്ങളിലെ, 2023-24 വർഷത്തെയും മുൻ വർഷങ്ങളിലെ വാടക പൂർണ്ണമായി പിരിച്ചെടുക്കാത്തത് സംബന്ധിച്ചും, കരാർ, റെന്റ് ഡെപ്പോസി മുദ്രപത്രങ്ങളിലെ രേഖപ്പെടുത്തലുകൾ എന്നിവയെ സംബന്ധിച്ചും വിശദീകര ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 3/11.09.24) ലഭ്യമാക മറുപടിയിൽ വാടക കുടിശ്ശിക അടവാക്കുന്നതിന് വാടകക്കാർക്ക് കത്ത് നൽകിയിട്ടുണ്ടെ XIII/7 C, XIII/7 C, XIII/7 E, എന്നീ മുറികളുടെ വാടകയിനത്തിൽ ആകെ 196994/- കുടിശ്ശിക വരുത്തിയിട്ടുള്ള ശ്രീമതി. സരിത ആർ, എന്ന കുത്തകക്കാരിയെ ഒഴിപ്പിക്കുന്ന കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തി® വക്കീൽ നോട്ടീസ് അയച്ചിട്ടുണ്ടെ

കുടിശ്ശിക ഈടാക്കുന്നതിന് നിയമനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയ
ശ്രീമതി ദീപ്തി എന്ന കുത്തകക്കാരി XII/513/3 നമ്പർ കടമുറിയുടെ കുത്തകാവകാശം 20
ൽ സ്വമേധയാ ഒഴിഞ്ഞു. എന്നാൽ കുടിശ്ശിക തുക പൂർണ്ണമായും അടച്ചു തീർക്കാതെയ
കുത്തകാവകാശം ഒഴിഞ്ഞത്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള നിരന്തര
കത്തിടപാടുകൾക്ക് ശേഷവും 10,000/- രൂപ മാത്രമാണ് 2021-22 വർ
കുടിശ്ശികയിനത്തിൽ ഒടുക്കിയത്. തുക പൂർണ്ണമായി പലിശ ഈടാക്കുന്ന
നിയമാനുസൃത തുടർ നടപടികൾ സ്വീകര്ക്കേണ്ടതാണ്.

1. ശ്രീമതി. സൗമ്യ അജിത്ത്, 2. ശ്രീമതി. സരിത ആർ, 3. ശ്രീമതി. മഞ്ജു കെ.എം എ
വാടകക്കാരുടെ കരാർ കാലാവധി കഴിഞ്ഞിട്ടും വാടക കരാർ പുതുക്കിയി
കുടിശ്ശികയുള്ളതിനാലാണ് വാടകക്കാരുടെ കാലാവധി പുതുക്കി നൽകാത്തത് എന്ന
മറുപടി നൽകിയത്. നിലവിലും കടമുറി ഉപയോഗിക്കുന്ന ശ്രീമതി. മഞ്ജു കെ.എം
കുടിശ്ശിക ഈടാക്കി കരാർ പുതുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4. ഓരോ സാമ്പത്തിക വർഷത്തിലും വാടക പുതുക്കുന്നതനുസരിച്ച് റെന്റ് ഡെപ്പോസ
ആനുപാതികമായി വർദ്ധിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

5. വാടകക്കരാർ ചമച്ചിരിയ്ക്കുന്ന മുദ്രപത്രങ്ങളിലെ രേഖപ്പെടുത്തലുകൾ സമഗ്രമാ
സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സായ വാടക പിരിച്ചെടുക്കുന്നതിൽ
വരുത്താതിരിക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്. കുടിശ്ശിക അടവാക്കാനുള്ളവർക്കെത
റെവന്യൂ റിക്കവറി ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡി
അറിയിക്കേണ്ടതാണ്.

## 1-12 വെട്ടിയിട്ട തേക്ക് തടികൾ -ലേലം ചെയ്യാൻ നടപടി സ്വീകരിച്ചില്ല

പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതതയിലുള്ളതും എലിക്കുളം ഗ്രാമപഞ്ചായത്ത്
കുരുവിക്കൂട് എന്ന സ്ഥലത്തെ പുരയിടത്തിൽ പെട്ടതുമായ വെട്ടിയിട്ട തേക്ക് തടി ലേ
ചെയ്യാൻ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടു
തീരുമാനിച്ചിരുന്നു. (ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 22-7-23. ലെ 4/2 നം തീരുമാ
പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽ
ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 2) മറുപടിയായി തടി ലേലം ചെയ്യുന്നതിന്
നിശ്ചയിക്കുന്നതിനായി സോഷ്യൽ ഫോറസ്ട്രി വകുപ്പിന് കത്ത് നൽകിയിരുന്നെങ്കിലും
കിടക്കുന്ന സ്ഥലത്ത് കാടായിരുന്നതിനാൽ മൂല്യനിർണ്ണയം നടത്താൻ കഴിഞ്ഞില്ലാതെ
സെക്രട്ടറി അറിയിച്ചു. തുടർന്ന് കാട് തെളിക്കുകയും വില നിശ്ചയിച്ച് നൽകാൻ സോഷ
ഫോറസ്ട്രി വകുപ്പിനോട് വീണ്ടും ആവശ്യപ്പെട്ടിട്ടുള്ളതായും മറുപടിയിൽ പരാമർശിച്ചിട്ടു
വില നിശ്ചയിച്ച് സമയബന്ധിതമായി ലേലനടപടികൾ പൂർത്തീകരിച്ച് വി
അറിയിക്കേണ്ടതാണ്.

## 1-13 എസ് സി പി /ടി എസ് പി ഫണ്ട് വിനിയോഗ ലക്ഷ്യം കൈവരിച്ചില്ല- പൊതുവിഭാഗം വികസന ഫണ്ടിൽ നിന്ന് പരിഹാര വകയിരുത്തൽ നടത്തേണ്ടി വ

തർ വർഷം എസ് സി പി ഫണ്ടിനത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തു
തർ വർഷം ലഭിക്കുകയും ചെയ്ത 81,68,000/- രൂപയുടെ 55.80% തുകയായ 45,58,0
രൂപ മാത്രമാണ് തർ വർഷം വിനിയോഗിച്ചത്. ലഭിച്ച തുകയുടെ 80% എന്ന വിനിയോ

ലക്ഷ്യം കൈവരിക്കാ® സാധിച്ചില്ല. ഇക്കാരണത്താ® തൻവ®ഷം കുറവ് വന്ന 19,76,400/- രൂപ (6534400-4558000) തുട® വ®ഷത്തേക്കുള്ള പരിഹാര വകയിരുത എന്ന് കണക്കാക്കി 2024-25 വ®ഷത്തെ സാധാരണ വിഹിതത്തി® നിന്നും കുറവ് ചെ എസ് സി പി വിഹിതത്തി® വ®ദ്ധിപ്പിച്ച വിഹിതമായി ഉ®പ്പെടുത്തേണ്ടി വന്നിരിക്ക കൂടാതെ ടി എസ് പി ഫണ്ടിനത്തി® ബജറ്റ് വിഹിതമായി വകയിരുത്തുകയും ത® വ® ലഭിക്കുകയും ചെയ്ത 3,59,167/- രൂപയുടെ 63.87% തുകയായ 229,400/- രൂപ മാത്രമ ത®വ®ഷം വിനിയോഗിച്ചത്. ലഭിച്ച തുകയുടെ 80% എന്ന വിനിയോഗ ലക കൈവരിക്കാ® സാധിച്ചില്ല. ഇക്കാരണത്താ® തൻവ®ഷം കുറവ് വന്ന തുകയായ 579 രൂപ (287334-229400) തുട® വ®ഷത്തേക്കുള്ള പരിഹാര വകയിരുത്ത® എ കണക്കാക്കി 2024-25 വ®ഷത്തെ സാധാരണ വിഹിതത്തി® നിന്നും കുറവ് ചെയ്ത് ടിഎ പി വിഹിതത്തി® വ®ദ്ധിപ്പിച്ച വിഹിതമായി ഉ®പ്പെടുത്തേണ്ടി വന്നിരിക്ക പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും ആകെ 20,34,334/- കുറവ് ചെയ്ത് പരിഹ വകയിരുത്തൽ വരുത്തുന്ന സാഹചര്യമാണുള്ളത്.

ഓരോ വ®ഷത്തെയും എസ് സി പി, ടി എസ് പി വിഭാഗം ഫണ്ടുകളുടെ വിനിയേ ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തി® തുട® വ®ഷത്തെ വികസന ഫണ്ട് സാധാ വിഹിതത്തി® നിന്നാണ് (Normal Share) പരിഹാര വകയിരുത്ത® നടത്തേണ്ട ഇപ്രകാരമുള്ള പരിഹാര വകയിരുത്ത® അടിസ്ഥാനമാക്കിയുള്ള വിഹിതം കൂടി എസ് പി, ടിഎസ് പി വിഭാഗത്തി® ഉ®പ്പെടുത്തി വിനിയോഗിക്കേണ്ടി വരുന്നതിനാ® തു വ®ഷങ്ങളി® ഈ വിഭാഗത്തിലെ പ്രോജക്ട് നി®വഹണത്തിലും വിനിയോഗ ലക കൈവരിക്കുന്നതിലും ബന്ധപ്പെട്ട നി®വഹണ ഉദ്യോഗസ്ഥ® ജാഗ്രതാ പൂ®ണമ സമീപനം പുല®ത്തേണ്ടതാണ്. എസ് സി വിഭാഗത്തി® സേവനമേഖലയിലും പശ്ചാത മേഖലയിലും (ഫീസിബിലിറ്റി സ®ട്ടിഫിക്കറ്റ്/സോഷ്യ® മാപ്പ് അടിസ്ഥാനമാ ഏറ്റെടുക്കാവുന്നത്) ഏറ്റെടുക്കാവുന്ന നിരവധി പ്രൊജക്റ്റുക® അതത് വ® നടപ്പാക്കാതിരിക്കുന്നതിന്റെ കാരണങ്ങ® സമഗ്രമായി വിശകലനം ചെയ്യേണ്ടതുണ്ട്.

പ്രത്യേക പരിരക്ഷ അ®ഹിക്കുന്ന വിഭാഗത്തിന് വേണ്ടിയുള്ള പ്രോജക്ട് ലക്ഷ്യങ്ങ ഭൗതിക നേട്ടങ്ങ® അതത് വ®ഷം തന്നെ കൈവരിക്കുന്നതിനും തുട® വ®ഷങ്ങ പരിഹാര വകയിരുത്ത® നടത്തേണ്ടി വരുന്നതു മൂലമുള്ള അസന്തുലിതാവ ഒഴിവാക്കുന്നതിനും നടപടിക® സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിലേ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 തുക കൈമാറൽ- പ്രോജക്ട് പൂർത്തീകരണ വിശദാംശങ്ങളില്ല.

| അടങ്കൽ | ചെലവ് |
|---|---|
| വികസനഫണ്ട്-500000- | 100000-ബിൽ നം.321/12-03-24 |
| | 100000- ബിൽ നം.324/13-03-24 |
| | 100000-ബിൽ നം.323/13-03-24 |
| | |

| | |
|---|---|
| | 200000-ബിൽ നം.383/25-03-24 |
